**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- നിലമ്പൂർ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 907/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 29.04.2019

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.09.2016 തീയതിയിലെ ഇ 26(എസ്.സി 5/16/NRK)23675/2016/UA നം. കത്ത്

2. സർക്കാരിന്റെ 31.03.2017 തീയതിയിലെ ഇയു2-307/2016 -തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 28.12.2018 തീയതിയിലെ വി2-8618/2017 നമ്പർ കത്ത്.

## ഉത്തരവ്

നിലമ്പൂർ നഗരസഭയിൽ 16.01.2016 തീയതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ, ബിൽഡിംഗ് പെർമിറ്റിനുള്ള 30 അപേക്ഷകളിൽ മേൽ നടപടി സ്വീകരിച്ചിരുന്നില്ല, കെട്ടിട നമ്പർ അനുവദിക്കേണ്ട ഫയലുകളിൽ നടപടി അവശേഷിക്കുന്നു, അഞ്ചാം വാർഡിൽ ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഫെബ്രുവരി 2015- ന ശേഷം 54 അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിച്ചിരുന്നു, ജനന സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ 30 എണ്ണത്തിന് നടപടി സ്വീകരിച്ചിട്ടില്ല തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തിയതിനെ ത്തുടർന്ന് എൽ.ഡി.സി. ശ്രീ ഫൈസൽ, റവന്യൂ ഇൻസ്പെക്ടർ ശ്രീ ഷാജു, ജെ.എച്ച്. ഐ ശ്രീ മുഹമ്മദ് ഇക്ബാൽ, നഗരസഭാ സെക്രട്ടറി ശ്രീ.കെ.പ്രമോദ് എന്നിവർക്ക് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. പ്രസ്തുത മെമ്മോയ്ക്ക് ടി ജീവനക്കാർ നൽകിയ മറുപടിയുടേയും ആയതിന്മേൽ കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു

2. നിലമ്പൂർ നഗരസഭയിലെ ക്ലാർക്കായ ശ്രീ ഫൈസലിന്റെ മറുപടി പ്രകാരം സെക്ഷനിൽ ലഭ്യമാകുന്ന കെട്ടിട നിർമ്മാണ അനുമതി /ഒക്യൂപ്പൻസി അപേക്ഷകൾ ബന്ധപ്പെട്ട വാർഡുകളുടെ ഉത്തരവാദിത്തമുള്ള ഓവർസിയർമാർക്ക് യഥാസമയം കൈമാറിയിരുന്നുവെന്നും എന്നാൽ കൈമാറ്റ വിവരം രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് ടിയാന്റെ മേൽ കുറ്റം ചാർത്തപ്പെടാൻ ഇടയായതെന്നും ഫയൽ നടപടികളിൽ അലംഭാവം

കാണിച്ചിട്ടില്ലെന്നും ജോലി ഭാരം കാരണമാണ് ഫയൽ കൈമാറ്റ വിവരം രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതെന്നും, നിലവിൽ കൃത്യമായി വിവരം രേഖപ്പെടുത്തി വരുന്നുണ്ടെന്നും കൂടാതെ ട്രാൻസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ടിയാൻ വീഴ്ചകൾ ആവർത്തിക്കില്ലായെന്നും മറുപടി നൽകിയിരുന്നു. ടിയാന്റെ മറുപടി പ്രകാരം ഇക്കാര്യം പരിശോധിച്ചതിൽ ശ്രീ ഫൈസലിന്റെ മറുപടി സാമാന്യമായി അംഗീകരിക്കാവുന്നതാണെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

3. കെട്ടിടത്തിന് നമ്പർ അനുവദിക്കേണ്ട രണ്ട് ഫയലുകൾ ടിയാന്റെ വശം അകാരണമായി പെന്റിംഗ് ആയിരുന്നു എന്ന കുറ്റാരോപണത്തിന് റവന്യൂ ഇൻസ്പെക്ടറായ ശ്രീ വി ഷാജു സമർപ്പിച്ച മറുപടി പ്രകാരം നിലമ്പൂർ നഗരസഭയിലെ 16 വാർഡുകളുടെ ചുമതല തനിക്കായിരുന്നുവെന്നും, ദിനം പ്രതി വരുന്ന നിരവധി അപേക്ഷകൾ പ്രകാരം, ഒറ്റക്കാണ് സ്ഥല പരിശോധന നടത്തി നമ്പർ അനുവദിക്കാൻ ശുപാർശ ചെയ്തിരുന്നതെന്നും നഗരസഭാ സൂപ്രണ്ട് ദീർഘകാലം അവധിയിലായിരുന്നതിനാൽ സൂപ്രണ്ടിന്റെ അധിക ചുമതലകൂടി വഹിച്ച് ബന്ധപ്പെട്ട ജോലികൾ തീർത്ത ശേഷമാണ് ഫീൽഡിൽ പോകാറുള്ളത് എന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട് . പെന്റിംഗ് ആയ രണ്ട് ഫയലുകളിൽ സൈറ്റ് പ്ലാൻ പ്രകാരം സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാലാണ് കാലതാമസം വന്നതെന്നും പ്രസ്തുത വീഴ്ച മാപ്പാക്കണമെന്നും, ആവർത്തിക്കില്ലായെന്നും മറുപടിയിൽ ബോധിപ്പിച്ചിരുന്നു .

4. വിജിലൻസ് റിപ്പോർട്ടിലും കുറ്റാരോപണ മെമ്മോയിലും കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള രണ്ട് ഫയലുകൾ പെന്റിംഗ് ആണെന്ന് സൂചിപ്പിച്ചതല്ലാതെ അധിക വിവരങ്ങൾ ഉൾക്കൊള്ളുന്നില്ല എന്നതിനാൽ ആയത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

5. നഗരസഭാ നാലാം വാർഡിന്റെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ച പ്രകാരം ഫെബ്രുവരി 2015 മുതൽ 54 അപേക്ഷകളും, ജനന സർട്ടിഫിക്കറ്റ് അപേക്ഷകളിൽ വിവിധ കാരണങ്ങളാൽ 30 എണ്ണവും പെന്റിംഗ് ആണെന്ന ആരോപണത്തിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ മുഹമ്മദ് ഇ ക്ബാൽ സമർപ്പിച്ച മറുപടിയിൽ നഗരസഭയിലെ 4, 5, 6, 11 വാർഡുകളിലെ ശുചീകരണം, ഡി & ഒ ലൈസൻസ്, പൊതുജനാരോഗ്യപരാതികൾ തുടങ്ങിയ ചുമതലകളാണ് ഉണ്ടായിരുന്നതെന്നും അതിനുപുറമെ സാനിട്ടറി ഇൻസ്പെക്ടർ ആയിരുന്ന ശ്രീ സ്വാമിനാഥന് സ്ഥലം മാറ്റംലഭിച്ചത് മൂലം 7,8,9,12 വാർഡുകളുടെ ചുമതലകൂടി അധികമായി വഹിക്കേണ്ടി വന്നിരുന്നതാണ് എന്നും സൂചിപ്പിച്ചിരിക്കുന്നു .

6. നഗരസഭയിലെ മൂന്നിൽ രണ്ട് ഭാഗത്തെ ശുചീകരണം, ഡി & ഒ ലൈസൻസ്, പൊതു ജനാരോഗ്യം, ഹോട്ടൽ പരിശോധന ജനന മരണ വിവാഹ രജിസ്ട്രേഷൻ, ഫീൽഡ് അന്വേഷണം എന്നിവ കൂടാതെ പൊതു തെരെഞ്ഞെടുപ്പിന്റെ വോട്ടർ പട്ടിക തയ്യാറാക്കൽ തുടങ്ങിയ തെരെഞ്ഞെടുപ്പ് ജോലികൾ കൂടിചേർന്ന് വലിയ ജോലി ഭാരം ഉണ്ടായിരുന്നതിനാലാണ് ലൈസൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് കാലതാമസം വന്നതെന്നും ബോധപൂർവ്വമല്ലാതെയുള്ള അപാകത മാപ്പാക്കണമെന്നും ശ്രീ മുഹമ്മദ് ഇ ക്ബാൽ ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ മുഹമ്മദ് ഇ ക്ബാലിന്റെ മറുപടിയിന്മേലുള്ള റീജിയണൽ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, ഡി & ഒ രജിസ്റ്ററും ലൈസൻസ്

ഇഷ്യൂബുക്കും പരിശോധനാ വിധേയമാക്കിയതിൽ വാർഡ് 4 ൽ 60 ഉം വാർഡ് 5 ൽ 150 ഓളവും ഡി & ഒ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങൾ ഉള്ളതായി 2015-16 ലെ ഡി & ഒ രജിസ്റ്റർ സൂചിപ്പിക്കുന്നതായും ലൈസൻസ് ഇഷ്യൂ ബുക്ക് പ്രകാരം 4 ാം വാർഡിൽ 14 ഉം 5 ാം വാർഡിൽ 10 ഉം ലൈസൻസ് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി നൽകിയതായി കാണുന്നു . ബന്ധപ്പെട്ട വിവരങ്ങൾ ഡി & ഒ രജിസ്റ്ററിലെ പ്രസക്ത കോളങ്ങളിൽ പൂർണ്ണമായി എഴുതി ചേർത്തിട്ടില്ലാത്തതാണ്. പ്രസ്തുത കാലയളവിൽ സാമാന്യമായി പരിശോധിച്ചതിൽ എല്ലാംതന്നെ നടപടി പൂർത്തീകരിച്ച് ഫീസ് ഈടാക്കിയിട്ടുള്ളതായി കാണാനായെങ്കിലും ലൈസൻസ് നിശ്ചിത മാതൃകയിലുള്ളത് പ്രത്യേകം ആവശ്യപ്പെട്ട് വരുന്ന കക്ഷികൾക്ക് മാത്രമാണ് തയ്യാറാക്കി നൽകിയിട്ടുള്ളതെന്ന് അനുമാനിക്കുന്നു. ആയത് ഒപ്പ് വെച്ച് അനുവദിക്കുന്നത് ആരോഗ്യ വിഭാഗം മേധാവിയായ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ ആണ് . കൂടാതെ ജനന മരണ രജിസ്ട്രേഷൻ അപേക്ഷകളിൽ 30 എണ്ണം നടപടി അവശേഷിക്കുന്നതായി മെമ്മോയിൽ സൂചിപ്പിച്ചിട്ടുണ്ട് . നഗരസഭയിലെ ജനന മരണ രജിസ്ട്രാർ ആരോഗ്യ വിഭാഗം മേധാവികൂടി ആയ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ ആണെന്നും അന്വേഷണം ആവശ്യമായ അപേക്ഷകളുടെ കാര്യത്തിൽ നിർദ്ദേശം ഉണ്ടെങ്കിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുക എന്നതു മാത്രമാണ് ഇക്കാര്യത്തിൽ ബന്ധപ്പെട്ട ജെ.എച്ച്.ഐയുടെ ഉത്തരവാദിത്വമെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

7. നഗരസഭ സെക്രട്ടറി ശ്രീ കെ.പ്രമോദ് സമർപ്പിച്ച മറുപടി പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷ കൈകാര്യം ചെയ്യുന്നത് നഗരാസൂത്രണ വിഭാഗം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കീഴിൽ ആണെന്നും 300 ച.മീ. വരെ തറ വിസ്തൃതിയുള്ള കെട്ടിട നിർമ്മാണ അപേക്ഷകളുടെ കാര്യത്തിൽ തീരുമാനമെടുക്കേണ്ട അധികാരി നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയർ ആണെന്നും അതിനുമുകളിൽ തറ വിസ്തൃതിയിലുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറി തീരുമാനമെടുക്കേണ്ടതാണെന്നും ശ്രീ പ്രമോദിന്റെ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. വിശദമായ പരിശോധനയിൽ സെക്ഷൻ ക്ലാർക്ക് ബന്ധപ്പെട്ട ഫയലുകളിൽ പരിശോധനയ്ക്കായി ഓവർസിയർമാർക്ക് കൈമാറിയതായി കാണാൻ കഴിഞ്ഞിട്ടുണ്ടെന്നും, കൈമാറ്റ വിവരം പ്രത്യേകം രേഖപ്പെടുത്തിയിരുന്നില്ലെന്നും ആയത് ബോധപൂർവ്വമല്ലെന്നും സൂചിപ്പിച്ചിട്ടുണ്ട് .

8. കുറ്റാരോപിത കാലയളവിൽ നഗരസഭയിലെ രണ്ട് റവന്യൂ ഇൻസ്പെക്ടർമാരും തന്റെ മേൽ നോട്ടത്തിൽ പരാതിക്കിടനൽകാതെ പ്രവൃത്തികൾ കൈകാര്യം ചെയ്തിരുന്നുവെന്നും പരിശോധനയിൽ രണ്ട് ഫയലുകൾ ശ്രീ ഷാജു എന്ന ആർ . ഐ കൈകാര്യം ചെയ്തിരുന്നത് പെന്റിംഗ് ആയത് സൈറ്റ് പ്ലാനിൽ നിന്നും മനസ്സിലാക്കാൻ ആയില്ല എന്നത് കൊണ്ടാണെന്ന് അന്വേഷിച്ച് അറിയാൻ കഴിഞ്ഞ വിവരവും പൊതു തിരഞ്ഞെടുപ്പിനോടനുബന്ധിച്ച ജോലികളും, സൂപ്രണ്ടിന്റെ അധികച്ചുമതലയും പ്രസ്തുത ആർ. ഐയ്ക്ക് ഉണ്ടായിരുന്നത് കൊണ്ട് ജോലി ഭാരവും, കിട്ടിയ ഫയലുകളിൽ നടപടി പൂർത്തിയാക്കുവാൻ കാലതാമസമുണ്ടാക്കിയെന്നും മറുപടി നൽകിയിരിക്കുന്നു. ഡി & ഒ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കി നിൽക്കുന്നു എന്ന ആരോപണം പരിശോധിച്ചതിൽ

നിശ്ചിത ഫോമിൽ ലൈസൻസ് നൽകിയിട്ടില്ല എന്നത് മാത്രമാണ് പോരായ്മയായി കണ്ടിട്ടുള്ളത് എന്നും ലൈസൻസ് ഒപ്പ് വെച്ച് നൽകേണ്ട അധികാരം നഗരസഭയിലെ ആരോഗ്യ വിഭാഗം മേധാവി ആയിരുന്ന ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർക്ക് ആണെന്നും ശ്രീ പ്രമോദിന്റെ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട് .

9. ജനന മരണ സാക്ഷ്യപത്രങ്ങൾ സംബന്ധിച്ച അപേക്ഷകളിൽ യഥാസമയം കൃത്യവും വ്യക്തവുമായ അനുബന്ധരേഖകൾ ഹാജരാക്കാത്ത അപേക്ഷകളിൽ മാത്രമാണ് കാലതാമസം ഉണ്ടായതെന്നും ജനന മരണ രജിസ്ട്രേഷൻ വിഭാഗം നല്ല രീതിയിൽ പ്രവർത്തിച്ച് വന്നിരുന്നതും വെബ് സൈറ്റിൽ അപ്പ് ലോഡ് ചെയ്ത് വരുന്നതുമാണ് എന്നും മറുപടിയിലുണ്ട്. രജിസ്ട്രേഷൻ വിഭാഗം ജനന മരണ രജിസ്ട്രാർ ആയ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിലാണ് പ്രവർത്തിച്ച് വരുന്നതെന്നും, ആയതിനാൽ രജിസ്ട്രേഷൻ നടപടിയിൽ വീഴ്ചകൾ റിപ്പോർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ടിയാനിൽ നിന്ന് കൂടി കാരണം ആരായേണ്ടതാണെന്നും , ഈ വിഷയത്തിൽ നഗരസഭാ തലത്തിൽ സെക്രട്ടറിക്ക് പ്രത്യേകിച്ച് ചുമതലകളൊന്നും ഇല്ലാത്തതാണ് എന്നും ബോധിപ്പിച്ചിട്ടുണ്ട് .

10. 2010- ൽ നഗരസഭയായി പരിവർത്തതമായ പുതിയ നഗരസഭയായതിനാൽ പരിമിതമായ എണ്ണം ജീവനക്കാർ മാത്രമാണ് നഗരസഭക്ക് ഉള്ളതെന്നും ഈ സാഹചര്യത്തിലും ആരോപണത്തിന് ഇടവരുത്താതെ ടിയാൻ പ്രവൃത്തിച്ച് പോന്നിട്ടുണ്ടെന്നും 2015- ലെ പൊതു തിരെഞ്ഞെടുപ്പ് പ്രവൃത്തികൾക്കായി നഗരസഭാ ജീവനക്കാരെ നിയോഗിക്കേണ്ടി വന്നിട്ടുള്ളതിനാലാണ് നാമമാത്രമായ ജീവനക്കാരുടെ സ്ഥിരം ജോലികളിൽ കാലതാമസം വന്നിട്ടുള്ളത് എന്നും ആയത് വീഴ്ചയായി കാണാതെ കുറ്റവിമുക്തനാക്കണമെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ കെ. പ്രമോദിന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചിരിക്കുന്നു .

11. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം പുതുതായി രൂപീകരിച്ച നഗരസഭകൾക്കെല്ലാം തന്നെ സമാനമായ രീതിയിലാണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതെന്ന കാര്യം പരിഗണിക്കുമ്പോൾ ജീവനക്കാരുടെ അപര്യാപ്തത നിലമ്പൂർ നഗരസഭയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നു എന്ന തരത്തിലുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടി വസ്തുതാ വിരുദ്ധമാണെന്നതിനാൽ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പൂർണ്ണമായും അംഗീകരിക്കത്തക്കതല്ലായെന്നും ശ്രീ ഫൈസൽ കെട്ടിട നിർമ്മാണാനുമതി ഫയലുകൾ പരിശോധനക്കായി ഓവർസിയർമാർക്ക് യഥാസമയം കൈമാറിയിരുന്നെങ്കിലും കൈമാറ്റ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്നുള്ളത് ടിയാന്റെ ഭാഗത്തുണ്ടായ വീഴ്ചയാണ്. അമിതമായ ജോലി ഭാരം ഉണ്ടായിരുന്നതിനാലാണ് ഡി & ഒ ലൈസൻസ് നൽകുന്നതിന് കാലതാമസം വന്നതെന്നും ബോധപൂർവ്വമല്ലാതെയുള്ള അപാകത മാപ്പാക്കണമെന്നും ശ്രീ മുഹമ്മദ് ഇ ക്ലാൽ അപേക്ഷിച്ചിട്ടുണ്ട് . നിശ്ചിത മാതൃകയിലുള്ള ഡി & ഒ ലൈസൻസ് പ്രത്യേകം ആവശ്യപ്പെട്ടു വരുന്ന കക്ഷികൾക്ക് മാത്രമാണ് തയ്യാറാക്കി നൽകിയിട്ടുള്ളത് എന്ന് ആർ.ജെ ഡി യുടെ റിപ്പോർട്ടിലും നിശ്ചിത ഫോമിൽ ലൈസൻസ് നൽകിയിട്ടില്ല എന്നത് മാത്രമാണ് പോരായ്മയായി കാണാൻ കഴിഞ്ഞിട്ടുള്ളത് എന്ന് നഗരസഭാ സെക്രട്ടറിയുടെ മറുപടിയിലും പരാമർശിച്ചിരിക്കുന്നു .

12. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് ശ്രീ ഫൈസൽ , ശ്രീ വി . ഷാജു , ശ്രീ യു . മുഹമ്മദ് ഇ ക്ബാൽ എന്നിവർ ഉത്തരവാദികളാണെന്നും നഗരസഭാ സെക്രട്ടറി ശ്രീ കെ പ്രമോദിന്റെ ഭാഗത്ത് മേൽനോട്ടക്കുറവുണ്ടായതായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി ജീവനക്കാർക്കെതിരെ ഉചിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു .

13. വിജിലൻസ് റിപ്പോർട്ട്, മെമ്മോയിന്മേലുള്ള ജീവനക്കാരുടെ മറുപടി, നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് എന്നിവ പ്രകാരം പരിശോധിച്ചു. വിജിലൻസ് കണ്ടെത്തിയ അപാകതകൾക്ക് ജീവനക്കാരുടെ ഭാഗത്ത് ബോധപൂർവ്വമല്ലാത്ത വീഴ്ചയുണ്ടായിട്ടുള്ളതായി വ്യക്തമാണെന്നതിനാൽ വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നിലമ്പൂർ നഗരസഭയിലെ ക്ലാർക്ക് ശ്രീ ഫൈസൽ , റവന്യൂ ഇൻസ്പെക്ടർ ശ്രീ വി ഷാജു, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ മുഹമ്മദ് ഇ ക്ബാൽ നഗരസഭ സെക്രട്ടറി ശ്രീ.കെ. പ്രമോദ്, എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി ടിയാന്മാരുടെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ ഫൈസൽ, ക്ലാർക്ക്, നിലമ്പൂർ നഗരസഭ

ശ്രീ വി ഷാജു, റവന്യൂ ഇൻസ്പെക്ടർ , നിലമ്പൂർ നഗരസഭ

ശ്രീ മുഹമ്മദ് ഇ ക്ബാൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, നിലമ്പൂർ നഗരസഭ

ശ്രീ കെ. പ്രമോദ്,നഗരസഭ സെക്രട്ടറി,നിലമ്പൂർ നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(13.03.2019 തീയതിയിലെ VIG-D1/169/2019-VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ